Draft #132 of File 26895/AD A1/3/2019/AD A 1 Approved by ASSISTANT REGISTRAR I (ADMIN) on 21-Jun-2021 12:26 AM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

ഭരണകാര്യം: സിൻഡിക്കേറ്റ് യോഗ തീരുമാനങ്ങൾ - സർവ്വകലാശാല ഉത്തരവുകൾ പുറപ്പെടുവിക്കുന്നത് - മാർഗ്ഗനിർദ്ദേശങ്ങൾ - അംഗീകരിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 1 സെക്ഷൻ**

നമ്പർ. 2800/AD A1/2021/എം.ജി.യു — പ്രിയദർശിനി ഹിൽസ്,തീയതി: 22.06.2021

---

*പരാമർശം:-*വൈസ് ചാൻസലറുടെ ഉത്തരവോടു കൂടിയ 17.06.2021 തീയതിയിലെ രജി/01/85/2021 നമ്പർ കുറിപ്പ്.

**<u>ഉത്തരവ്</u>**

സർവ്വകലാശാല സിൻഡിക്കേറ്റ് യോഗ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ സർവ്വകലാശാലാ ഉത്തരവുകൾ പുറപ്പെടുവിക്കേണ്ടതാണ് എന്നതിനാൽ എല്ലാ തീരുമാനങ്ങളിലും സർവ്വകലാശാല ഉത്തരവുകൾ പുറപ്പെടുവിക്കുന്ന രീതിയാണ് നിലവിലുള്ളത്. എന്നാൽ, സിൻഡിക്കേറ്റിൻറെ പരിഗണനയ്ക്കായി സമർപ്പിക്കുന്ന വിഷയങ്ങളിന്മേൽ അന്തിമ തീരുമാനമല്ലാത്ത തരത്തിലുള്ള തീരുമാനങ്ങളും സിൻഡിക്കേറ്റ് യോഗ തീരുമാനമായി ലഭിക്കുന്നുണ്ട്. അത്തരത്തിലുള്ള ഇടക്കാല തീരുമാനങ്ങൾ സിൻഡിക്കേറ്റ് തീരുമാനങ്ങളായി ഉത്തരവ് പുറപ്പെടുവിക്കുന്നത് തികച്ചും അനുചിതമായി കരുതുന്നു.

ആയതിന്റെ അടിസ്ഥാനത്തിൽ, മേൽ പ്രസ്താവിച്ച പ്രകാരമുള്ള, സിൻഡിക്കേറ്റിൻറെ പരിഗണനയ്ക്കായി സമർപ്പിക്കുന്ന വിഷയങ്ങളിന്മേൽ സിൻഡിക്കേറ്റ് യോഗ തീരുമാനമായി സെക്ഷനുകളിൽ ലഭിക്കുന്ന ഇടക്കാല തീരുമാനങ്ങൾ സർവ്വകലാശാല ഉത്തരവുകളായി പുറപ്പെടുവിക്കാതെ, ഇടക്കാല തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ സെക്ഷനുകൾ തുടർ നടപടികൾ സ്വീകരിച്ച്, പ്രസ്തുത വിവരം ആക്ഷൻ ടേക്കൺ റിപ്പോർട്ട് ആയി സിൻഡിക്കേറ്റിൻറെ അറിവിലേക്ക് സമർപ്പിച്ചാൽ മതിയെന്നും, സിൻഡിക്കേറ്റിൻറെ പരിഗണനയ്ക്കായി സമർപ്പിക്കുന്ന വിഷയങ്ങളിന്മേൽ സിൻഡിക്കേറ്റ് അന്തിമമായി തീരുമാനമെടുക്കുമ്പോൾ മാത്രം സെക്ഷനുകൾ സർവ്വകലാശാല ഉത്തരവുകൾ പുറപ്പെടുവിച്ചാൽ മതിയാകുമെന്നും നിർദ്ദേശിച്ചുകൊണ്ട് സൂചന പ്രകാരം വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം 3.10 (17) പ്രകാരം വൈസ് ചാൻസലർ കൈക്കൊള്ളുന്ന തീരുമാനങ്ങൾ സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നവ ഉത്തരവായി പുറപ്പെടുവിക്കുന്ന നിലവിലെ രീതി തന്നെ തുടരേണ്ടതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

**രമേഷ് ആർ**

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. എല്ലാ സെക്ഷനുകൾ
2. വൈസ് ചാൻസലർ/ പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/ പരീക്ഷാ കൺട്രോളർ/ ഫിനാൻസ് ഓഫീസർ എന്നിവരുടെ പി എ മാർ
4. എ.ആർ./ ഡി.ആർ/ ജെ.ആർ. (ഭരണവിഭാഗം/ പരീക്ഷാവിഭാഗം/ ധനകാര്യവിഭാഗം)
5. പി.ആർ.ഒ./ റെക്കോർഡ്സ് സെക്ഷൻ/ കണ്ടൻറ് മാനേജ്മെന്റ് സെക്ഷൻ/ സ്റ്റാറ്റിസ്റ്റിക്കൽ യൂണിറ്റ്/ ഐ.ക്യു.എ.സി.
6. സ്റ്റോക്ക് ഫയൽ/ ഫയൽ കോപ്പി/ ഡേ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം